പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

07.06.2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1500

# തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വയലുകളുടെ വിസ്തൃതി കഴിഞ്ഞ നാല്പത് വർഷത്തിനിടയിൽ 7.54 ലക്ഷം ഹെക്ടറിൽ നിന്നും 1.9 ലക്ഷം ഹെക്ടറായി ചുരുങ്ങിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) നെല്ലും, ആവശ്യ ഭക്ഷ്യവസ്തുക്കളും കൃഷി ചെയ്യുന്നതിൽ നിന്നും നാണ്യവിളകൾകൃഷി ചെയ്യുന്നതിലേയ്ക്കുള്ള ചുവടുമാറ്റം നിമിത്തവും, ഗാർഹികാവശ്യങ്ങൾക്കായും, വ്യവസായ വാണിജ്യാവശ്യങ്ങൾക്കായും നെൽവയലുകൾ നികത്തിയതു നിമിത്തവും സംസ്ഥാനത്തെ നെൽവയലുകളുടെ വിസ്തൃതി വളരെയധികം ചുരുങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ തണ്ണീർതടങ്ങൾ 49 ശതമാനം കുറഞ്ഞുവെന്നത് ഗൗരവമായി എടുത്തിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ ഗണ്യമായ കുറവു സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) നിലവിലുള്ള വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് എന്ത് കർമ്മ പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്; | (സി) സംസ്ഥാനത്തെ നെൽവയലുകളും, നീർത്തടങ്ങളും സംരക്ഷിക്കുകയും, അവ പരിവർത്തനപ്പെടുത്തുകയും , രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുക എന്നീ ഉദ്ദേശത്തോടെ നടപ്പിലാക്കിയ കേരള തണ്ണീർത്തട സംരക്ഷണ നിയമം സംസ്ഥാനത്തൊട്ടാകെ കർശനമായി നടപ്പിലാക്കി വരുന്നുണ്ട്. ഈ നിയമപ്രകാരം നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും ഡാറ്റാബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും , അതിലുൾപ്പെട്ട വരുന്ന ഭൂമിയുടെ സംരക്ഷണം ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കർശനമായി നിരീക്ഷിക്കുകയും, സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. നിയമലംഘനം തടയുന്നതിനായി അവധി ദിവസങ്ങളിലുൾപ്പെടെ സ്ക്വാഡുകൾ പ്രവർത്തിച്ച വരുന്നതും, നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകുകയും , അനധികൃതമായി പരിവർത്തനം ചെയ്ത നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള ഉത്തരവുകൾ നൽകുകയും വാഹനം കണ്ടു കെട്ടുന്നതിന്, ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൂടുതൽ ഇളവ് നൽകുന്നത് സ്ഥിതി സങ്കീർണ്ണമാക്കുമെന്നതിനാൽ ഇത് പുനഃ പരിശോധിക്കുമോ? | (ഡി) | നിലവിൽ തണ്ണീർത്തടമായി സ്ഥിതി ചെയ്യുന്ന ഭൂമി പരിവർത്തനപ്പെടുത്തുന്നതിനോ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനോ യാതൊരു വിധത്തിലുള്ള ഇളവുകളും ഇപ്പോൾ നൽകിയിട്ടില്ല. എന്നാൽ നെൽവയലായിട്ടുള്ള ഭൂമി പൊതു ആവശ്യത്തിന് ഉപയോഗിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകുന്നതിനാണ് നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**